ഉത്തരം

(എ) & (ബി) ''രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന'' (RGGVY) പ്രകാരം കേരളത്തിലെ 14 ജില്ലകൾ വൈദ്യുതീകരിക്കുന്ന പുതിയ പദ്ധതിയിൽ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ വൈദ്യുതീകരണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) വിശദാംശം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.†

ആലക്കോട് സബ്സ്റ്റേഷന്റെ പണി

200 [1142] *ശ്രീ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലക്കോട് സബ്സ്റ്റേഷന്റെ പണി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇത് എന്നത്തേക്ക് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്;

(സി) നാടുകാണി, ഒടുവള്ളിത്തട്ട് സബ്സ്റ്റേഷനുകളുടെ പണി പൂർത്തീകരിച്ച് എന്ന് കമ്മീഷൻ ചെയ്യുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ആലക്കോട് സബ്സ്റ്റേഷനുവേണ്ടിയുള്ള സ്ഥലം ഏറ്റെടുത്തു കഴിഞ്ഞു. നിർമ്മാണം തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 31-3-2006-ന് കമ്മീഷൻ ചെയ്യാനാണ് ഉദ്ദേശിക്കുന്നത്.

(സി) നാടുകാണി സബ്സ്റ്റേഷന്റെ പണി 31-8-2005-ന് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നു. ഒടുവള്ളിത്തട്ടിൽ പുതിയ സബ്സ്റ്റേഷന്റെ നിർമ്മാണം ഇപ്പോൾ പരിഗണനയിലില്ല.

പുതുവൈപ്പിനിലെ പെട്രോനെറ്റ് എൽ.എൻ.ജി. ടെർമിനൽ

201 [1143] *ശ്രീ. വി. കെ. ചന്ദ്രൻ:*
,, *എം. പ്രകാശൻ മാസ്റ്റർ:*
,, *കെ. പി. സതീശ് ചന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുവൈപ്പിനിലെ പെട്രോനെറ്റ് എൽ. എൻ. ജി. ടെർമിനലിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം വെളിപ്പെടുത്തുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിക്ക് ആവശ്യമായ സ്ഥലം ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങൾ ഏർപ്പാടായിട്ട് എത്ര വർഷം പിന്നിടുകയുണ്ടായി;

(സി) പദ്ധതിയിലൂടെ പ്രകൃതി വാതകം ലഭ്യമാക്കുന്നതിന് ഇന്നത്തെ സ്ഥിതിയിൽ ഇനിയും എത്ര വർഷം വേണ്ടിവരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(ഡി) പദ്ധതി നിർമ്മാണം ആരംഭിക്കുന്നതിന് ഇപ്പോൾ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഇ) ഇതിന് കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള അനുമതി ലഭിച്ചിട്ടുണ്ടോ; അവശേഷിക്കുന്ന ക്ലിയറൻസുകൾ എന്താണെന്ന് വിശദമാക്കുമോ;

(എഫ്) പദ്ധതിയുമായി ബന്ധപ്പെട്ട ഏതെല്ലാം സ്ഥാപനങ്ങളുമായി എന്തെല്ലാം നിലയിലുള്ള കരാറുകൾ ആയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) സ്ഥലം രേഖാമൂലം അലോട്ട് ചെയ്തു കിട്ടിയത് 2005 മേയ് 27-ാം തീയതിയാണ്.

(സി) പദ്ധതി ആരംഭിച്ച് മൂന്നര വർഷം വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്.

(ഡി) ഇല്ല.

(ഇ) ഉണ്ട്. രണ്ടാം ഘട്ടത്തിലെ വർദ്ധിതശേഷിക്കാവശ്യമായ വാതക സംഭരണികൾ തുടക്കത്തിൽത്തന്നെ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതുകൊണ്ട് അതിനാവശ്യമായ അനുമതിക്കായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനെ സമീപിച്ചിട്ടുണ്ട്.

(എഫ്) പദ്ധതിക്കാവശ്യമായ പ്രകൃതിവാതകം ലഭിക്കുന്നതിന് ഖത്തറിലെ റാസ് ഗ്യാസ് എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകൾ

202 [1144] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ പുതുതായി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) ഇതുമൂലം വൈദ്യുതി പ്രസരണം നഷ്ടം എത്ര ശതമാനം കുറയ്ക്കുവാൻ കഴിഞ്ഞുവെന്ന് കണക്കാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly